## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3541 20.06.2019 ൽ മറുപടിക്ക്

## ലഹരി മാഫിയകളുടെ പ്രവർത്തനത്തിനെതിരെ പോലീസ് നിരീക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് കാമ്പസുകളെയും വിദ്യാലയങ്ങളെയും ലക്ഷ്യം വച്ചുള്ള ലഹരി മാഫിയകളുടെ പ്രവർത്തനം ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കാമ്പസുകളിലും വിദ്യാലയങ്ങളിലും പോലീസ് നിരീക്ഷണം ശക്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) ക്യാമ്പസുകളിലും, വിദ്യാലയങ്ങളിലും പോലീസ് നിരീക്ഷണം ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പുകൾ രൂപീകരിച്ചും, സ്കൂൾ പരിസരങ്ങളിൽ പോലീസ് പെട്രോളിംഗ് ശക്തമാക്കിയും, കൂടാതെ ജില്ലാ തലങ്ങളിൽ DANSAF (ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക്സ് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ്), സംസ്ഥാന തലത്തിൽ KANSAF (കേരളാ ആന്റി നാർക്കോട്ടിക്സ് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ്) ഉം പ്രവർത്തിച്ചു വരുന്നു. സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർ, ജനമൈത്രി ബീറ്റ് ഓഫീസർമാർ, ഷാഡോ പോലീസ്, എസ്.പി.സി, സ്കൂൾ കോളേജ് തലത്തിൽ പ്രവർത്തിക്കുന്ന |

ലഹരി വിരുദ്ധ കാവൽക്കൂട്ടം, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി എന്നിവയുടേയും, ഓപ്പറേഷൻ ഗുരുകുലം പദ്ധതിയുടെയും ഭാഗമായി നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്.

| | |
|---|---|
| (സി) മേൽ സൂചിപ്പിച്ച പ്രകാരമുള്ള മാഫിയകളെ കണ്ടെത്തുന്നതിനും മാതൃകാപരമായി ശിക്ഷിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് പോലീസ് സജ്ജമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലഹരിമുക്തമാക്കുക എന്ന ലക്ഷ്യം വച്ച് DANSAF (ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക്സ് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ്), സംസ്ഥാന തലത്തിൽ KANSAF (കേരളാ ആന്റി നാർക്കോട്ടിക്സ് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ്), സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ്, സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർ, ജനമൈത്രി ബീറ്റ് ഓഫീസർമാർ, ഷാഡോ പോലീസ്, എസ്.പി.സി, സ്കൂൾ കോളേജ് തലത്തിൽ പ്രവർത്തിക്കുന്ന ലഹരി വിരുദ്ധ കാവൽക്കൂട്ടം, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി, റസിഡന്റ്സ് അസോസിയേഷനുകൾ, ഓട്ടോ ടാക്സി ഡ്രൈവർമാർ, ഇതര സംഘടനകൾ എന്നിവയുടെ സഹകരണത്തോടുകൂടി രഹസ്യ വിവരങ്ങൾ ശേഖരിച്ച്, അന്വേഷണം നടത്തി ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചും, സ്കൂൾ തലത്തിൽ എക്സൈസ് വകുപ്പുമായി സഹകരിച്ച് പരാതിപ്പെട്ടികൾ സ്ഥാപിച്ചും, സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് അംഗങ്ങളായ പോലീസുദ്യോഗസ്ഥർ നിരന്തരം സ്കൂളുകൾ സന്ദർശിച്ച് നിരീക്ഷണം നടത്തിയും സ്കൂളുകളിൽ നിന്ന് അനധികൃതമായി വിട്ടുനിൽക്കുന്ന വിദ്യാർത്ഥികളെ നിരീക്ഷിച്ചും ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

(ഡി) കാമ്പസുകളെയും വിദ്യാലയങ്ങളെയും ലഹരി മാഫിയയിൽ നിന്ന് രക്ഷിക്കുന്നതിന് എക്സൈസിന്റെയും പൊതുജനത്തിന്റെയും സഹകരണത്തോടെ ആധുനിക സാങ്കേതിക വിദ്യ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുമോ?

(ഡി) ലഹരി ഉപയോഗത്തിനെതിരെ ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നത്. ആയതിന്റെ ഭാഗമായി ക്യാമ്പസുകളിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്, എൻ.സി.സി എന്നിവയുടെ പങ്കാളിത്തത്തോടുകൂടി മദ്യ-മയക്കുമരുന്ന്-പുകയില ഉല്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ സ്കൂൾ കോളേജ് പരിസരങ്ങളിലും മറ്റ് പൊതു സ്ഥലങ്ങളിലും ലഹരിയുടെ സാന്നിദ്ധ്യം, വ്യാപനം, വിപണനം എന്നിവ സംബന്ധിച്ച വിവരങ്ങൾ പൊതു ജനങ്ങളുടെയും വിദ്യാർത്ഥികളുടെയും ശ്രദ്ധയിൽപെട്ടാൽ ആയത് എക്സൈസ് കമ്മീഷണറുടെ 24 മണിക്കൂറും സജ്ജമായ വാട്സ് ആപ്പ് നമ്പരിലേയ്ക്ക് നേരിട്ട് അറിയിക്കുന്നതിനുള്ള ആധുനിക സാങ്കേതിക സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ